
# ബൈബിൾ ട്രൂത്ത്

DECEMBER YEAR: 2023



# THE BIBLE TRUTH

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

// THE BIBLE TRUTH

**Editor**
**P.K. VARGHESE**
000
**Published by Church of Christ**
പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 40** **December 2023** **No.12**

# എഡിറ്റോറിയൽ

സുവിശേഷപ്രവർത്തകർക്കും ഉപദേഷ്ടാക്കന്മാർക്കും പ്രവർത്തിക്കുന്ന മേഖലയിൽ സമാധാനമായ അന്തരീക്ഷം അനിവാര്യമാണ്. കാരണം ഏതൊരു പ്രവൃത്തിയും നിർവ്വഹിക്കുവാൻ അനുകൂലമായ സാഹചര്യം വേണം എന്ന കാര്യത്തിൽ തർക്കമില്ല. ശണ്ഠയോ കലഹമോ ഉള്ള വീട്ടിൽ ജീവിക്കുവാൻ ആരാണ് ആഗ്രഹിക്കുക? സ്വൈര്യവും ശാന്തതയും ആഗ്രഹിക്കാത്തവർ കാണുകയില്ലല്ലോ. ഒരു സമൂഹത്തിൽ ധാരാളം കുടുംബങ്ങൾ കാണും. ആ കുടുംബങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ് ദൈവവേലക്കാർ. ദൈവ വേല ചെയ്യുന്ന വ്യക്തിക്ക് പ്രോൽസാഹനവും ഉത്തേജനവും ലഭിക്കണം. എന്നാൽ സാത്താന്റെ പോരാട്ടം ഏറ്റവും അധികം നേരിടേണ്ടി വരുന്നത് ആളുകൾക്കിടയിൽ ആത്മീയമായ പ്രവർത്തനം നടത്തുന്നവരാണ്. ആളുകളുമായി നിരന്തര സമ്പർക്കം നടത്തുകയും അവരുടെ പ്രശ്നങ്ങളിൽ ഇടപെടുകയും, അവരുടെ വേദനകൾ അകറ്റുവാൻ പരിശ്രമിക്കയും ചെയ്യുക എന്നത് മഹത്തായ ഒരു സേവനമാണ്. ഈ ലോകത്തിൽ ജീവിക്കുന്ന മനുഷ്യർ അനുഭവിക്കുന്ന പ്രയാസങ്ങൾ നിരവധിയാണ്. പാപം അഥവാ നിയമലംഘനം നടത്തുന്ന സ്വാർത്ഥലാഭ മോഹികൾ നിഷ്പ്പക്ഷമായി കാര്യങ്ങൾ ചെയ്യുവാൻ ആഗ്രഹിക്കാത്തവരാണ്.

ഒരു ഉപദേഷ്ടാവ് ദൈവനീതിയിൽ ഉറച്ചു നിൽക്കുന്നവനായിരിക്കണം. ഒരാൾക്ക് അനുകൂലമായോ മറ്റൊരാൾക്ക് പ്രതികൂലമായോ നിൽക്കരുത്. ദൈവം ആരുടേയും മുഖം നോക്കി കാര്യങ്ങൾ നടത്തുന്നവനല്ല. അപ്പോൾ ദൈവത്തിനു പകരം സ്ഥാനാപതികളായി സേവനം നടത്തു

ന്നവരും അങ്ങനെയായിരിക്കണം. അതായത് നീതിമാനായ ഉപദേഷ്ടാവിന് സഭയിൽ എല്ലാവരേയും തൃപ്തിപ്പെടുത്തുവാൻ കഴിയുകയില്ല. ദൈവത്തെ മാത്രം പ്രസാദിപ്പിക്കുമ്പോൾ മനുഷ്യരുടെ വെറുപ്പ് സമ്പാദിക്കും എന്ന കാര്യത്തിൽ സംശയമില്ല. പലപ്പോഴും വീടുകളിലായാലും സഭകളിലായാലും പ്രശ്നങ്ങൾ ഉടലെടുക്കുന്നത് നിസ്സാരമായ കാര്യങ്ങളെ കുറിച്ചുള്ള വാദങ്ങളിൽനിന്നായിരിക്കും. പക്ഷെ അതിന്റെ പിന്നിൽ ചിലരുടെ സ്വാർത്ഥലാഭങ്ങൾ ഒളിഞ്ഞുകിടപ്പുണ്ടായിരിക്കും. അത് പിന്നീട് മാത്രമെ പുറത്തു വരികയുള്ളു. ആത്മീയ മേഖലകളിൽ സത്യസന്ധമായി പ്രവർത്തിക്കുന്ന പ്രവർത്തകരെ പിശാച് നിരന്തരം വേട്ടയാടുമെന്നത് പരമാർത്ഥമാണ്. യേശുക്രിസ്തുവിനെ നിരന്തരമായി പിശാച് പരീക്ഷിച്ചുകൊണ്ടിരുന്നു. അപ്പൊസ്തലന്മാരെയും പിശാച് വളരെ അധികം കഷ്ടപ്പെടുത്തുകയും ഉപദ്രവിക്കുകയും ചെയ്തിരുന്നതായി ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

അവസാനത്തോളം സഹിച്ചു നിൽക്കേണ്ടതാണ് വിശ്വാസം. പക്ഷെ ഒരു സ്ഥലത്ത് ഒരു ഉപദേഷ്ടാവിനെ ആളുകൾ സ്വീകരിക്കുന്നില്ലെങ്കിൽ അവിടം വിട്ട് മറ്റു മേഖലകളിലേക്ക് പോകുന്നതാണ് ഉചിതം. ആളുകളുമായി ഏറ്റുമുട്ടുന്നതോ പ്രശ്നമുണ്ടാക്കുന്നവരെ പുറത്താക്കുന്നതോ പരിഹാരമായി കാണുന്നവരുണ്ടാകും. സമാധാനത്തിനായി സ്വയം മാറുന്നതാണ് നല്ല മാതൃക. വയൽ ധാരാളമുള്ളതിനാൽ ഒരു സ്ഥലത്തു തന്നെ പ്രവർത്തിച്ചുകൊള്ളണമെന്ന ശാഠ്യം നല്ലതല്ല. ദൈവവേല നല്ല വേലയാണ്. അത് എവിടെ ആവശ്യമാണോ അവിടെ ചെയ്ത് ദൈവത്തെ മഹത്വപ്പെടുത്തുകയാണ് വേണ്ടത്. ദൈവം നമ്മോടുകൂടെ ഉണ്ടെങ്കിൽ ദൈവസഹായം എപ്പോഴും ഉണ്ടാകും. പക്ഷെ അതേ സമയം ആത്മീയ നിലവാരം കൈവെടിയരുത്. ദൈവത്തിന്റെ ഉദ്ദേശത്തെയും പദ്ധതിയെയും നാം മാനിക്കണം. കർത്താവിന്റെ വരവ് വരെ അഥവാ ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ മരണംവരെ വിശ്വാസവും കർത്തൃസേവനവും തുടരണം. ഭൂമിയിൽ മനുഷ്യർ ഉള്ളേടത്തോളം ദൈവ വേല തുടരണം.

എല്ലാവർക്കും ഒരേ താലന്തല്ല ദൈവം നൽകിയിരിക്കുന്നത്. നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന കഴിവ് ഏതാണെന്ന് തിരിച്ചറിഞ്ഞ് അതിനെ വളർത്തുവാനായി ശ്രമിക്കുക. ദൈവത്തോടും മനുഷ്യരോടും നാം വിശ്വസ്തരായിരിക്കണം. സകല മനുഷ്യരും ദൈവത്തിന്റെ പരിജ്ഞാനത്താൽ രക്ഷ പ്രാപിക്കണം എന്നു കൽപിച്ചിരിക്കുന്നത് നാം യാഥാർത്ഥ്യമാക്കണം. ആദ്യം നിങ്ങൾ വചനം അനുസരിക്കുകയും കർത്താവിന്റെ സഭയോടു ചേർക്കപ്പെടുകയും വേണം. പിന്നെ ദൈവവേല ചെയ്യുക.

✶

# ദുരുപദേശത്തെ സൂക്ഷിക്കുക

## *J.C.* ചോട്ട്

ബൈബിളിൽ ദുരുപദേശത്തെ സൂക്ഷിക്കുവാൻ ധാരാളം മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്. ഉപദേശം മനുഷ്യർക്ക് എല്ലാവർക്കും ആവശ്യമാണ്. ഉപദേശത്തെ നമുക്ക് സദുപദേശം എന്നും ദുരുപദേശമെന്നും രണ്ടായി തരം തിരിക്കാം. ദൈവികമായ ഉപദേശം നമുക്ക് എല്ലാം ആവശ്യമായതാണ്. പക്ഷെ ദുരുപദേശം ആളുകളെ വഴി തെറ്റിക്കുന്നതാകുന്നു. ദൈവ വചനം മുഖാന്തരമാണ് ദൈവം തന്റെ ഹിതം വെളിപ്പെടുത്തിയിരിക്കുന്നത് (എബ്രായർ 1:1, 2). നാം അറിയേണ്ടതും രക്ഷിക്കപ്പെടുവാൻ ആവശ്യമായതുമെല്ലാം അവൻ നമുക്ക് വെളിപ്പെടുത്തി തന്നിരിക്കുകയാണ് (എബ്രായർ 2:1, 2). തിരുവെഴുത്തുകളെല്ലാം ദൈവശ്വാസിയവും സൽപ്രവൃത്തികളിൽ നാം തികവുള്ളരാക്കുവാൻ മതിയായതുമാണ് (2 തിമൊഥെയൊസ് 3:16, 17). ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല എന്ന് കർത്താവ് തീർത്തു പറഞ്ഞിരിക്കുകയാണ് (യോഹന്നാൻ 14:6).

ദൈവ വചനം സത്യമാണ്. ആകയാൽ സത്യമാണ് നമ്മെ സ്വതന്ത്രമാക്കുന്നത്. പാപത്തിന്റെ അടിമത്വത്തിൽ വസിക്കുന്ന മനുഷ്യർക്ക് അതിൽനിന്നു സ്വതന്ത്രരാകുവാൻ വചനം കൂടിയേ തീരു. വചനം ആത്മാവും ജീവനുമാകുന്നു. മുകളിൽ സുചിപ്പിച്ച സത്യം എല്ലാം വെളിപ്പെടുത്തിയിട്ടും ദുരുപദേശത്തെ സൂക്ഷിക്കുവാൻ പറഞ്ഞിരിക്കുന്നത് എന്തുകൊണ്ടാണെന്ന് സംശയിച്ചേക്കാം. കാരണം ദൈവത്തിനെതിരായി മനുഷ്യർക്കിടയിൽ പിശാച് കള വിതയ്ക്കുമെന്ന് അവന് അറിയാം. അതുകൊണ്ടാണ് ആവർത്തിച്ച് ദുരുപദേശത്തിനെതിരായി ജാഗ്രത പാലിക്കണം എന്ന് പറഞ്ഞിരിക്കുന്നത്. കള്ളപ്രവാചകന്മാരും ദുരുപദേഷ്ടാക്കന്മാരും വരുമെന്ന് തിരുവെഴുത്ത് മുന്നറിയിച്ചിരിക്കുകയാണ്. ആളുകളെ വചനം കോട്ടി മറിച്ച് തെറ്റിദ്ധരിപ്പിച്ച് പഠിപ്പിക്കുമ്പോൾ ആളുകൾ വചനം ശരിയായി പരിശോധിച്ചില്ലെങ്കിൽ എളുപ്പത്തിൽ വഞ്ചിതരാകും.

"സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിന് വിപരീതമായ ദ്വന്ദ പക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണമെന്ന് ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോട് അകന്നു മാറുവിൻ. ഇങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെ അല്ല, തങ്ങളുടെ വയറ്റിനെ അത്രെ സേവിക്കയും ചക്കരവാക്കും മുഖസ്തുതിയുംകൊണ്ട് സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചുകളകയും ചെയ്യുന്നു"

(റോമർ 16:17, 18).ചില ആളുകൾ വചനം കേൾക്കുക മാത്രം ചെയ്ത് അവ അനുസരിക്കാതെ തന്നെത്താൻ വഞ്ചിച്ചുകളയും. വേറൊരു കൂട്ടർ സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളാതിരിക്കുമ്പോൾ അവർ സത്യത്തിനു വിരുദ്ധമായി ഭോഷ്ക്ക് വിശ്വസിക്കുവാൻ പരീക്ഷിക്കപ്പെടും. ഇത്രയും മുന്നറിയിപ്പുകൾ നൽകിയിട്ടും മതപരമായി ആളുകൾ ഇന്നും വഞ്ചിക്കപ്പെട്ടുകൊണ്ടാണിരിക്കുന്നത് ദൈവത്തിന്റെ മുന്നറിയിപ്പുകളെ അവഗണിച്ച് ആളുകൾ മനുഷ്യരുടെ സ്വാധീനത്തിൽ കുടുങ്ങിപ്പോകുന്നു. ആളുകൾ തെറ്റിദ്ധരിക്കപ്പെട്ട് തെറ്റിപ്പോകുന്നത് എങ്ങനെ എന്ന് നാം അറിഞ്ഞിരിക്കണം. അറിവില്ലാതെ തെറ്റിൽ അകപ്പെടുന്നതും, മനപ്പൂർവ്വം അപകടത്തിൽ ചെന്നു ചാടുന്നതും രണ്ടും രണ്ടാണ്.

ആരംഭത്തിൽ മനുഷ്യരെ ഏദെൻ തോട്ടത്തിലാക്കിയപ്പോൾ അവരോട് കൽപിച്ചിരുന്നത്, തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൽനിന്നുള്ള ഫലം തിന്നരുത് എന്ന് ദൈവം വിലക്കിയിരുന്നു. അത് തിന്നാൽ അവർ മരിച്ചുപോകും എന്ന് ദൈവം മുന്നറിയിച്ചിരുന്നു. സർപ്പം ഹവ്വയെ പ്രലോഭിപ്പിച്ച് അത് തിന്നാൽ നിങ്ങൾ ദൈവത്തെ പോലെ ആകും എന്ന് പറഞ്ഞു തെറ്റിക്കുകയായിരുന്നു. അങ്ങനെയാണ് ആദ്യ സ്ത്രീയായ ഹവ്വ വഞ്ചിക്കപ്പെട്ടത്. ദൈവകൽപനയേക്കാൾ വലുതായി മറ്റൊന്നില്ല. ദൈവകൽപനയെ തെറ്റിദ്ധരിപ്പിച്ച് പഠിപ്പിക്കുന്നവർ ദൈവത്തെ കോപിപ്പിക്കുന്നവരും ദൈവത്തിന്റെ ഹിതത്തെ മറിച്ചു കളയുന്നവരുമാണ്. സ്ത്രീയുടെ വാക്ക് കേട്ട് പുരുഷനും ഫലം പറിച്ചു തിന്നു. രണ്ടുപേരും ആത്മീയമായി മരിച്ചു. അതായത് അവർ ദൈവത്തിൽ നിന്നു വേർപെട്ടുപോയി. അങ്ങനെ തങ്ങൾ നഗ്നരാണെന്ന് ആദ്യമായി തിരിച്ചറിഞ്ഞു. പാപത്തിന്റെ അനന്തരഫലങ്ങൾ നിരവധി അവർക്ക് അനുഭവിക്കേണ്ടി വന്നു. കൂടാതെ പാപം ലോകത്തിൽ വാഴുവാനും കാരണമായി.

ഒരു വ്യക്തിയുടേയോ സമുദായത്തിന്റേയോ, അല്ലെങ്കിൽ കുടുംബത്തിന്റെയോ സ്വാധീനത്താൽ ഒരാൾ വഞ്ചിക്കപ്പെട്ടേക്കാം. ആദാമിനെ പ്രേരിപ്പിച്ചത് ഹവ്വയായിരുന്നു (ഉൽപത്തി 3:7). ജനപ്പെരുപ്പത്തേയും ആൾബലത്തേയും നോക്കി കാര്യങ്ങൾ വിലയിരുത്തുന്നവരുണ്ട്. ആത്മിയമായ കാര്യങ്ങളെ അഥവാ ദൈവികമായ കാര്യങ്ങളെ മനസിലാക്കേണ്ടതും പ്രവർത്തിക്കേണ്ടതും അങ്ങനെയല്ല. അത് ദൈവത്തിന്റെ ആലോചനപ്രകാരം മാത്രമായിരിക്കണം. ബഹുജനത്തെ അനുസരിച്ച് നാം ദോഷം ചെയ്യരുത് എന്നു ദൈവം മുന്നറിയിച്ചിരിക്കുന്നു. നാശത്തിലേക്ക് പോകുന്നവർ അനവധിയാണെന്ന് കർത്താവ് പറഞ്ഞിരിക്കുന്നു. എന്നാൽ ജീവങ്കലേക്ക് പോകുന്നവർ ചുരുക്കമായിരിക്കും എന്നും നിർദ്ദേശിച്ചിരി

ക്കുന്നു. മാനുഷിക വിവേചനത്തിൽനിന്നും ഉരുത്തിരിയുന്നതാണ് മനുഷ്യരുടെ ഉപദേശങ്ങൾ. അവർക്ക് ആത്മീയമായി വിവേചിക്കുവാൻ കഴിയാത്തതാണ് കാരണം. ദൈവത്തേക്കാൾ മനുഷ്യരെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്നവരും വഞ്ചിക്കപ്പെട്ടിരിക്കുകയാണ്. സാത്താൻ വചനത്തിനു ചെറിയ ഒരു വ്യത്യാസം വരുത്തി പഠിപ്പിക്കുവാൻ ആളുകളെ ഉപയോഗിക്കുന്നതും വഞ്ചനയാണ്. അവനവന്റെ ബലഹീനതെ ന്യായീകരിക്കുന്നതും അവസാനം ദൈവത്തിന്റെ കൃപയാൽ നമ്മെ ശിക്ഷിക്കാതെ വിടുമെന്നും കരുതുന്നവർ വഞ്ചിക്കപ്പെട്ടിരിക്കുകയാണ്. ഏതു സഭയിലായാലും നിൽക്കുന്നതിൽ വിശ്വസ്തമായി ജീവിച്ചാൽ ദൈവം അത് അംഗീകരിക്കുമെന്ന് വിശ്വസിക്കുന്നവരും വഞ്ചിക്കപ്പെട്ടിരിക്കുന്നു എന്നു പറയാം. ദൈവകൽപനകളെ ആരും തള്ളിക്കളയരുത്.

ദൈവകൃപയെ നാം വ്യർത്ഥമാക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യരുത്. ദൈവശ്വാസീയമായ വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ദൈവേഷ്ടത്തെയും അവന്റെ കൽപനകളെയും നിരസിച്ചുകൊണ്ട് കൃപ രക്ഷിക്കുമെന്ന് പറയുന്നത് വാസ്തവ വിരുദ്ധമാണ്. സുവിശേഷം കേട്ട് വിശ്വസിച്ച് അനുസരിക്കുമ്പോഴാണ് കർത്താവ് നമ്മെ രക്ഷിക്കുന്നത് (മർക്കൊസ് 16:16; പ്രവൃത്തികൾ 2:47). രക്ഷിക്കപ്പെടുവാൻ വേറൊരു നാമവുമില്ല. ആത്മാവായ ദൈവത്തെ അനുസരിക്കുന്നതിൽനിന്ന് ദൈവം ആർക്കും ഒഴികഴിവു നൽകുന്നില്ല. വചനത്തെ തള്ളിക്കളയുന്നവരെ അവസാനം ന്യായം വിധിക്കുന്നത് കർത്താവിന്റെ വചനപ്രകാരമായിരിക്കും എന്നു കർത്താവ് തന്നെ പ്രസ്താവിച്ചിരിക്കുന്നു. ദൈവത്തിന്റെ കൃപയാൽ രക്ഷാമാർഗം സൗജന്യമാക്കിയിരിക്കുന്നു. അതിന് പകരമായി മറ്റൊന്ന് ഇല്ല.

ഉപദേഷ്ടാവിന്റെ പ്രസിദ്ധി മുലം വഞ്ചിക്കപ്പെട്ടിരിക്കുന്ന ധാരാളം പേരുണ്ട്. അയാൾ തന്നിൽ തന്നെ ഒരു ആകർഷണീയത വരുത്തുന്ന രീതിയിലായിരിക്കും പ്രസംഗിക്കുക. കർണ്ണരസമാകുന്ന വിധത്തിലായിരിക്കും അയാൾ പ്രസംഗിക്കുക. ആളുകൾ അത് കേട്ട് രസിക്കും. ആളുകൾ അയാൾ പറയുന്നത് എന്തും അന്ധമായി വിശ്വസിക്കും. അത് ദൈവഹിതമാണോ എന്ന് പരിശോധിക്കുക പോലും ചെയ്യുകയില്ല. സഭയിൽ ഭിന്നതയുണ്ടാക്കുന്നവരും വഞ്ചിക്കപ്പെട്ടിരിക്കുന്നു എന്നു നിസ്സംശയം പറയാം. കാരണം ഭിന്നത ദൈവം വെറുക്കുന്നു. കൊരിന്ത്യസഭയിൽ ഭിന്നതയുണ്ടായപ്പോൾ അപ്പൊസ്തലനായ പൗലൊസ് അതിനെ ഖണ്ഡിച്ച് ലേഖനം എഴുതി. നിങ്ങളെല്ലാവരും ഒന്നു തന്നെ സംസാരിക്കുകയും, നിങ്ങളുടെയിടയിൽ ഭിന്നതയുണ്ടാവാതെ നോക്കണം എന്നും ആജ്ഞാപിച്ചു (1 കൊരിന്ത്യർ 1:1-17). നാം മനുഷ്യരിൽ ആശ്രയിക്കുന്നതിനേക്കാൾ

ദൈവത്തിൽ ആശ്രയിക്കുന്നതാണ് അത്യുത്തമം എന്നു സങ്കീർത്തനങ്ങളിൽ നാം വായിക്കുന്നു. തെറ്റായ വാഗ്ദാനങ്ങളിൽ കുടുങ്ങി ആളുകൾ വഞ്ചിതരാകും. രക്ഷക്ക് തിരുവെഴുത്ത് മാത്രം പോരാ എന്നും പാരമ്പര്യവും പിതാക്കന്മാരുടെ വിശ്വാസവും പിൻപറ്റിയില്ലെങ്കിൽ ശാപയോഗ്യരാകും എന്ന ഭീഷണിയിൽ കുടുങ്ങിയിരിക്കുന്നവരെയും കാണാം. വ്യർത്ഥവും പിതൃപാരമ്പര്യവുമായ നമ്മുടെ നടപ്പിൽനിന്നു നമ്മെ വീണ്ടെടുത്തിരിക്കുന്നത് നിർദ്ദോഷവും നിഷ്ക്കളങ്കവുമായ യേശുക്രിസ്തുവിന്റെ രക്തത്താലത്രെ (1 പത്രൊസ് 1:18, 19).

ക്രിസ്ത്യാനിയായി തീരുന്നതോടുകൂടി എല്ലാ രോഗവും കഷ്ടതയും നീങ്ങപ്പെടും എന്നു വാഗ്ദാനം ചെയ്തു ആളുകളെ കബളിപ്പിക്കുന്നവരും ഇല്ലാതില്ല. അത്ഭുതരോഗസൗഖ്യം നടത്തുവാൻ തങ്ങൾക്ക് കഴിയുമെന്ന് വാഗ്ദാനം ചെയ്തു ആളുകളെ തെറ്റിദ്ധരിപ്പിക്കുന്ന സുവിശേഷകന്മാരാലും പലരും വഞ്ചിക്കപ്പെട്ടിരിക്കുന്നു. വിശ്വസിക്കുമ്പോൾ തന്നെ രക്ഷിക്കപ്പെടുമെന്നും അപ്പോൾ തന്നെ പരിശുദ്ധാത്മാഭിഷേകം ലഭിക്കുമെന്നും അതിനായി കാത്തിരുന്നു പ്രാർത്ഥിക്കണമെന്നും ആളുകളെ തെറ്റിദ്ധരിപ്പിക്കുന്ന സമൂഹം ഉണ്ട്. അത് സത്യവചനത്തെ യഥാർത്ഥമായി വിഭജിച്ചു പഠിക്കാത്തതുമൂലം സംഭവിക്കുന്ന മിഥ്യാധാരണയാണ്. ആത്മീയതയുടെ അടയാളമാണ് അന്യഭാഷ എന്നും അതു ലഭിക്കാത്തവൻ ആത്മാവില്ലാത്തവനാണ് എന്നും പഠിപ്പിക്കുന്നവരുണ്ട്. അവരും വാസ്തവത്തിൽ വഞ്ചിക്കപ്പെട്ടിരിക്കുകയാണ്. കാരണം അതെല്ലാം വചനത്തിൽ പറഞ്ഞിരിക്കുന്ന സന്ദർഭവും ആരോടാണ് പറഞ്ഞിരിക്കുന്നതെന്നും മനസിലാക്കാത്തതു നിമിത്തം സംഭവിക്കുന്നതാണ്. ദൈവം ഓരോന്നും ഓരോരുത്തർക്ക് വാഗ്ദാനം ചെയ്തത് ഓരോ ഉദ്ദേശങ്ങൾക്ക് വേണ്ടിയാണ്. അത് എല്ലാവരും തരം തിരിച്ച് മനസിലാക്കണം.

യേശു തിരഞ്ഞെടുത്ത് പഠിപ്പിച്ച് അപ്പൊസ്തലന്മാരാക്കിയവർ ഭൂലോകത്തിൽ ഒക്കെയും പോയി ക്രിസ്തുവിന്റെ സാക്ഷികളാകുവാൻ അവരോട് കർത്താവ് ആവശ്യപ്പെടുകയും അവർ അത് നിർവ്വഹിക്കുകയും ചെയ്തു. യേശു അവസാനമായി പ്രാർത്ഥിച്ചത് ജനങ്ങൾ അപ്പൊസ്തലന്മാരുടെ വാക്കുകൾ കേട്ട് വിശ്വസിച്ച് ക്രിസ്തുവിനെ പിൻപറ്റുവാനാണ് (യോഹന്നാൻ 17:23). തെറ്റായ മതാചാരങ്ങൾ പഠിപ്പിക്കുന്ന മാതാപിതാക്കളുടെ മക്കളും അവരെ ആശ്രയിക്കുന്നതുകൊണ്ട് അവർ വഞ്ചിതരായി തീരുന്നു. മാതാപിതാക്കളെ ബഹുമാനിക്കണമെന്ന് ബൈബിൾ പഠിപ്പിക്കുന്നു. എന്നാൽ അവരുടെ തെറ്റുകളെ ഒരിക്കലും അനുകരിക്കരുത്. കാരണം ആത്യന്തികമായി നമ്മെ രക്ഷിക്കുന്നതും ശിക്ഷിക്കുന്നതും ദൈവമാണ് എന്ന കാര്യം നാം ഒരിക്കലും മറക്കരുത്.

✶

# നിങ്ങൾ എന്തുകൊണ്ട് പ്രാർത്ഥിക്കണം?

**ഡേവിഡ് തർമാൻ**

പ്രാർത്ഥന ഏതൊരാളും ഇഷ്ടപ്പെടുന്നതും ചെയ്യുന്നതുമാണ്. എല്ലാവർക്കും പ്രാർത്ഥന അത്യന്താപേക്ഷിതമാണ് എന്ന് ഉറപ്പിച്ച് പറയാം. പക്ഷേ, പ്രാർത്ഥന എന്താണെന്നും എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത് എന്നും മനസ്സിലാക്കി വേണം പ്രാർത്ഥിക്കുവാൻ. അല്ലെങ്കിൽ അത് നിരർത്ഥകമായിരിക്കും. പ്രായമായ ഒരമ്മ ഒരു മകനുമായി ഹോട്ടലിൽ ഭക്ഷണം കഴിക്കുവാനിരുന്നു. അപ്പോൾ അടുത്ത മേശക്കരികിൽ ഇരുന്ന പ്രായമായ ഒരാൾ ഭക്ഷണത്തിനായി ഇരിപ്പുണ്ടായിരുന്നു. മകൻ അത് നോക്കി അമ്മയോട് പറഞ്ഞു, അവിടെയിരിക്കുന്ന ആൾ പ്ലെയിറ്റിനോട് സംസാരിക്കുന്നതെന്താണെന്ന് ബാലൻ അമ്മയോട് ചോദിച്ചു. ആ ബാലന് പ്രാർത്ഥന എന്താണെന്ന് അറിയില്ലായിരുന്നു. പലരും ഭക്ഷണത്തിനു മുൻപ് പ്രാർത്ഥിക്കുന്നത് തന്നെ ഒഴിവാക്കിയിരിക്കുകയാണ്. നിങ്ങൾ പ്രാർത്ഥിക്കുന്ന വ്യക്തിയാണോ? നിങ്ങൾ എങ്ങനെയാണ് പ്രാർത്ഥിക്കുന്നത്? ദൈവഹിതപ്രകാരമാണെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ?

ആവശ്യമുള്ളതിനും ആവശ്യമില്ലാത്തതിനും ആളുകൾ ദൈവത്തോട് യാചിക്കും. ശരിയും തെറ്റും തിരിച്ചറിയാത്തവരാണ് അങ്ങനെ പ്രാർത്ഥിക്കുന്നത്. ആധുനിക കാലയളവിൽ മനുഷ്യർ ലൗകീക ജീവിതത്തിൽ ഭൗതീക ഭദ്രതക്കായി ജീവിതത്തെ ചുരുക്കിക്കൊണ്ടിരിക്കുന്നു എന്നത് പരമാർത്ഥമാണ്. അവർക്ക് പ്രാർത്ഥനയും ദൈവഭക്തിയുമെല്ലാം പഴഞ്ചൻ സമ്പ്രദായമായി തോന്നുന്നു. നമ്മുടെ പ്രാർത്ഥനയാൽ ദൈവത്തിന്റെ തത്വത്തെ മാറ്റുവാൻ കഴിയുമോ എന്നു സംശയിക്കുന്നവരുണ്ടാകും. പ്രാർത്ഥിച്ചാൽ ദൈവ മനസ്സിന് എന്തെങ്കിലും മാറ്റം വരുമോ എന്നെല്ലാം ചോദിച്ചേക്കാം. അവിശ്വാസികൾക്ക് സർവ്വശക്തനായ ദൈവത്തിൽ വിശ്വാസമില്ലാത്തതിനാൽ അവർ പ്രാർത്ഥിക്കാറില്ല. എന്നാൽ ഒരു വിശ്വാസിക്കാണെങ്കിൽ അയാൾ ദൈവത്തിൽ വിശ്വസിക്കുകയും പ്രാർത്ഥന ആവശ്യമാണെന്ന് കരുതുകയും ചെയ്യുന്നു. മനുഷ്യജീവിതത്തിൽ പ്രാർത്ഥനയ്ക്ക് ധാരാളം കാരണങ്ങൾ ഉണ്ട്. പ്രാർത്ഥനക്ക് വലിയൊരു പങ്ക് നമ്മുടെ ദൈവികജീവിതത്തിൽ ഉണ്ട്. ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്നവരെ സംബന്ധിച്ച് പ്രാർത്ഥനക്ക് വളരെ പ്രാധാന്യമുണ്ട് എന്ന് നമുക്ക് ധൈര്യമായി പറയാം. നമ്മുടെ ബലഹീനത

മനസ്സിലാക്കുവാനും എളിമപ്പെടുവാനും പ്രാർത്ഥന നമ്മെ സഹായിക്കും. നമുക്ക് വേണ്ടും പോലെ പ്രാർത്ഥിക്കുവാൻ അറിയാത്തതിനാൽ ദൈവാത്മാവിന്റെ സഹായം നമുക്ക് ലഭ്യമാണ്. ഓരോരുത്തരും പരസ്പരം ആശ്രയിച്ചാണ് ജീവിക്കുന്നത്. അങ്ങനെയാണ് ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. ദൈവത്തിൽ ആശ്രയിച്ചാണ് മനുഷ്യജീവിതം തന്നെ നിലനിൽക്കുന്നത്. കടയിൽ നിന്ന് സാധനങ്ങൾ വാങ്ങിക്കൊണ്ടുവന്നാൽ അത് പാചകം ചെയ്യുവാൻ ഇന്ധനത്തിന്റെ ആവശ്യമുണ്ട്. ചില കാര്യങ്ങൾക്ക് ഭാര്യ ഭർത്താവിനെയും ഭർത്താവ് ഭാര്യയെയും ആശ്രയിക്കുന്നു. അതുപോലെ മക്കൾ മാതാപിതാക്കളെയും പിന്നീട് മാതാപിതാക്കൾ മക്കളെയും ആശ്രയിക്കുന്നു.

ദൈവത്തിന്റെ സൃഷ്ടികളായ മനുഷ്യർ എങ്ങനെ ജീവിക്കണമെന്നും അവരുടെ ജീവിതത്തിന് എന്തെല്ലാം ആവശ്യമെന്നും അവൻ നമുക്ക് മുൻപായി ആലോചിച്ച് ചെയ്തു തന്നിരിക്കുകയാണ്. പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ, ഇടവിടാതെ പ്രാർത്ഥിപ്പിൻ എന്നു തിരുവെഴുത്ത് നമ്മെ ഓർമ്മിപ്പിക്കുന്നു. പിശാചിന്റെ കെണിയിൽ നാം വീഴാതിരിക്കേണ്ടതിന് നാം പ്രാർത്ഥിക്കണം. നാം വീഴാതിരിക്കേണ്ടതിന്ന് നമുക്ക് കർത്താവിന്റെ ബലം ആവശ്യമുണ്ട്. അതിന് നാം കർത്താവിനോട് അപേക്ഷിക്കണം. യേശു ഈ ഭൂമിയിലായിരുന്നപ്പോൾ തന്റെ ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചിരുന്നു. അത് ഒരു മാതൃകാ പ്രാർത്ഥനയായിരുന്നു. അത് ചിലർ അങ്ങനെ തന്നെ ചൊല്ലി കൃതാർത്ഥതയടയുന്നു. “നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ചൊല്ലേണ്ടത്, സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗത്തിലേപോലെ ഭൂമിയിലും ആകേണമേ; ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ദിനംപ്രതി തരേണമേ; ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോട് ക്ഷമിക്കേണമേ; ഞങ്ങൾ കടംപെട്ടിരിക്കുന്ന ഏവനോടും ഞങ്ങളും ക്ഷമിക്കുന്നു; ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ; ദുഷ്ടങ്കൽനിന്നു ഞങ്ങളെ വിടുവിക്കേണമേ” (ലൂക്കൊസ് 11:2–4).

പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ബലഹീനതകളും തെറ്റുകളും തുറന്ന് ഏറ്റു പറയുവാൻ മടിക്കരുത്. എങ്കിൽ മാത്രമെ ദൈവത്തിന് നമ്മോട് ക്ഷമിക്കുവാൻ കഴിയു. ദൈവം നമുക്ക് നൽകിയ ഉപകാരങ്ങൾക്ക് നാം നന്ദി ചെലുത്തുകയും വേണം. നമ്മുടെ ആത്മിയ ന്യൂനതകളെ മനസിലാക്കി ദൈവത്തിൽ ആശ്രയിക്കേണ്ട ആവശ്യ

കത ബോധ്യമായി വേണം പ്രാർത്ഥിക്കുവാൻ. നമുക്ക് ഓരോ ദിവസവും ആഹാരം ആവശ്യമാണ്. നമ്മുടെ കഴിവ് കൊണ്ടു മാത്രം അത് സാധ്യമല്ല. അദ്ധ്വാനിപ്പാൻ നമുക്ക് ആരോഗ്യം വേണമല്ലോ. നാം അദ്ധ്വാനിച്ചാലും ഫലം തരേണ്ടത് ദൈവമാണ് എന്ന കാര്യം നമ്മിൽ എപ്പോഴും ഉണ്ടായിരിക്കണം. നമ്മുടെ പിതാവിനോടുള്ള ബന്ധം നാം നല്ല രീതിയിൽ എപ്പോഴും സൂക്ഷിക്കണം. വ്യക്തി ജീവിതവും കുടുംബജീവിതവും സഭാ ജീവിതവും ഏതു സമയത്തും താളം തെറ്റിയേക്കാം. നിയന്ത്രണം നമ്മുടെ കയ്യിലല്ല, അത് ദൈവത്തിന്റെ കയ്യിലാണ് എന്ന് ഓർക്കണം.

നാം ദൈവത്തിന്റെ കയ്യിലെ ഉപകരണങ്ങൾ മാത്രമാണ്. നമ്മെ അവൻ സൃഷ്ടിച്ച ഉദ്ദേശം ഒരിക്കലും മറന്നുപോകരുത്. സർവ്വത്തിന്റേയും അധികാരി ദൈവമാണ്. നാം അവന്റെ കയ്യിൽ താഴ്ന്ന് ഇരുന്നാൽ ദൈവം നമ്മെ ഉയർത്തും. നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും കുഴപ്പങ്ങളും ദൂരീകരിക്കുവാൻ പ്രാർത്ഥിക്കണം. പരീക്ഷയിൽ ഞങ്ങളെ കടത്തരുതേ എന്ന് പ്രാർത്ഥിക്കുവാൻ യേശു പഠിപ്പിച്ചു. ഈ ഭൂമിയിൽ മനുഷ്യനായി ജീവിച്ച യേശു സകല പരീക്ഷണങ്ങളും നേരിട്ടിരുന്നു. അതിലൊന്നിലും അവൻ പാപം ചെയ്തില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കുക. ഐഹിക ജീവിതത്തിൽ അവൻ പ്രാർത്ഥനയ്ക്ക് വളരെ അധികം സമയം ചെലവിട്ടിരുന്നതായി നാം കാണുന്നു. ശിഷ്യന്മാരെ വിട്ട് അവൻ ഏകനായി പ്രാർത്ഥിച്ചിരുന്നു. നിങ്ങളും പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ എന്ന് തന്റെ ശിഷ്യന്മാരോട് കർത്താവ് പറഞ്ഞിരുന്നു (ലൂക്കൊസ് 22:40). തന്ത്രശാലിയായ പിശാച് ആരെ വീഴ്ത്തേണ്ടു എന്നു നോക്കി ഊടാടി നടക്കുകയാണ്.

നല്ല തീരുമാനങ്ങൾ എടുപ്പാൻ പ്രാർത്ഥന സഹായിക്കുമെന്ന് യേശുവിന് അറിയാമായിരുന്നു. രാജാവിനെയും പ്രവാചകന്മാരെയും പഴയ നിയമകാലത്ത് നിയമിക്കുന്നതിനു മുൻപ് പ്രാർത്ഥിച്ചിരുന്നതായി നാം കാണുന്നു. പുതിയ നിയമകാലത്ത് മിഷ്ണറിമാരെ അയയ്ക്കുമ്പോൾ അവരെ പ്രാർത്ഥിച്ച് അയച്ചിരുന്നു. വ്യക്തി ജീവിതത്തിലും ആത്മീയ ജീവിതത്തിലും സഭാപ്രവർത്തനങ്ങളിലും പ്രാർത്ഥന നമ്മെ ശക്തിപ്പെടുത്തുന്നു. മറ്റുള്ളവർക്ക് ദോഷകരമായ തീരുമാനങ്ങൾ എടുക്കാതിരിപ്പാനും പ്രാർത്ഥന നമ്മെ സഹായിക്കും. മറ്റുള്ളവർക്ക് നന്മ ചെയ്യുവാൻ പ്രാർത്ഥന നമ്മെ സഹായി

ക്കും. തിന്മയെ നന്മകൊണ്ട് നേരിടുവാനുള്ള ശക്തി പ്രാർത്ഥനയാൽ ലഭിക്കും. മോശമായ ഒരു സ്വഭാവം നിങ്ങൾ മാറ്റിയെടുക്കുവാൻ ആത്മാർത്ഥമായി വിചാരിക്കുന്നു എങ്കിൽ നിരന്തരമായി പ്രാർത്ഥിക്കുക. വിശ്വസ്ത സഹോദരങ്ങളോട് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുക. സൽപ്രവൃത്തികൾ ചെയ്യുവാൻ നമ്മെ പ്രാർത്ഥന ഉത്തേജിപ്പിക്കും. അങ്ങനെ ദുഷിച്ച വിചാരങ്ങൾ നീങ്ങിപോകുവാൻ ഇടയാകും. മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ സൽസ്വഭാവത്തിൽ വളരുവാൻ പ്രാർത്ഥന ശീലിപ്പിക്കണം.

അനുഗ്രഹത്തിനായി അപേക്ഷിക്കുന്ന നാവ് കൊണ്ട് എങ്ങനെ ഒരാൾക്ക് ഭോഷ്ക്ക് പറയുവാൻ കഴിയും? ദൈവത്തോട് നല്ല ബന്ധത്തിനായി അപേക്ഷിച്ച വ്യക്തിക്ക് എങ്ങനെ അവിഹിത ബന്ധം പുലർത്തുവാൻ കഴിയും? ദുശ്ശീലങ്ങൾ ഒഴിവാക്കിത്തരുവാൻ പ്രാർത്ഥിച്ചയാൾക്ക് എങ്ങനെ മദ്യപാനത്തിലേക്ക് തിരിയുവാൻ കഴിയും? കുട്ടികൾക്കും യുവാക്കൾക്കും പ്രായമായവർക്കും ഒരുപോലെ പ്രയോജനപ്പെടുന്നതാണ് പ്രാർത്ഥന. പ്രശ്നങ്ങളും കുഴപ്പങ്ങളും നേരിടുമ്പോൾ മാത്രമല്ല എപ്പോഴും നാം പ്രാർത്ഥിക്കണം. കാരണം ഏതു സമയത്തും എന്തും സംഭവിക്കാവുന്നതാണ് നമ്മുടെ ജീവിതം. ആ മുന്നറിയിപ്പ് നമ്മെ ദൈവഭയമുള്ളവരാക്കുന്നു. ശാന്തതയും സംയമനവും സൗമ്യമനോഭാവവും ഏതൊരു പ്രതിസന്ധിയും തരണം ചെയ്യുവാൻ ആവശ്യമാണ്. നാം ആവശ്യപ്പെടുമ്പോഴാണ് ദൈവം നമ്മെ സഹായിക്കുന്നത്. നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല എന്ന കാര്യം നാം മറക്കരുത്. വാഴ്ച്ചകളോടും അധികാരങ്ങളോടും അന്ധകാരശക്തികളോടുമാണ്. അതിനെ നേരിടുവാൻ ദൈവത്തിന്റെ സർവ്വായുധവർഗം നാം ധരിക്കണം.

ശരിയായ രീതിയിൽ ആളുകളോട് ഇടപെടുവാനും ഇടപാടുകൾ വിശ്വസ്തമായി നടത്തുവാനും നാം പ്രാർത്ഥിക്കണം. മാനുഷിക ജ്ഞാനവും അറിവും ലൗകീകമായി സഹായിച്ചേക്കാം പക്ഷേ അവയെല്ലാം പോരായ്മയുള്ളവയാണ്. ദൈവിക പരിജ്ഞാനമാണ് തികവുള്ളത്. സകലബുദ്ധിയേയും കവിയുന്ന ദൈവത്തിന്റെ സഹായത്താൽ വേണം നാം ഏതു കാര്യവും കൈകാര്യം ചെയ്യുവാൻ. വീട്ടിലും സഭയിലും സമൂഹത്തിലും നാം മറ്റുള്ളവർക്ക് മാതൃകയായി തീരുവാൻ പ്രാർത്ഥന നമ്മെ സഹായിക്കും. ദൈവം തക്കസമയത്ത് പ്രവർത്തിക്കുന്നതിനായി നാം കൂട്ടായി പ്രാർത്ഥിക്കണം.

ഐകമത്യപ്പെട്ട് നാം പ്രാർത്ഥിക്കുമ്പോൾ അതിനുള്ള ശക്തി നാം അനുഭവിച്ചറിയുന്നു. പത്രോസ് തടവിലായിരുന്നപ്പോൾ സഭ ഒന്നായി പ്രാർത്ഥിക്കുകയും അവരുടെ മദ്ധ്യത്തിലേക്ക് പത്രൊസ് വരികയും ചെയ്തത് നാം പ്രവൃത്തികളുടെ പുസ്തകത്തിൽ വായിക്കുന്നു. നമ്മുടെ ഇഷ്ടപ്രകാരമല്ല അവൻ മറുപടി നൽകുന്നത്. അവന്റെ സമയത്തും അവന്റെ ഇഷ്ടപ്രകാരവുമാണ് എന്നത് നാം എപ്പോഴും ഓർക്കണം. ഉടനെ മറുപടി ലഭിച്ചില്ല എന്ന കാരണത്താൽ ഒരിക്കലും നിരാശപ്പെടരുത്. കാരണം ദൈവം അങ്ങനെ ചെയ്യുന്നത് നമ്മുടെ നന്മയ്ക്കായിട്ടാണ്.

മടുത്തുപോകാതെ പ്രാർത്ഥിക്കണം. ഭാര്യയും ഭർത്താവും തമ്മിൽ കടുത്ത അഭിപ്രായവ്യത്യാസം ഉണ്ടാകുമ്പോൾ പ്രാർത്ഥന മുടങ്ങിയേക്കാം. പ്രാർത്ഥന മുടങ്ങാതെ നോക്കണം. അത് മുടങ്ങു മ്പോൾ പിശാച് ഒരാളിൽ കടന്നുകയറും. പിശാച് ഒരു ഹൃദയത്തിൽ കയറിയാൽ അയാളുടെ നിയന്ത്രണം അവൻ ഏറ്റെടുക്കും. അതു കൊണ്ടാണ് പിശാചിന്ന് ഇടം കൊടുക്കരുത് എന്നു മുന്നറിയിച്ചിരി ക്കുന്നത്. “നിങ്ങളിൽ ആർക്കെങ്കിലും ഒരു സ്നേഹിതൻ ഉണ്ട് എന്നി രിക്കട്ടെ; അവൻ അർദ്ധരാത്രിക്ക് അവന്റെ അടുക്കൽ ചെന്നു സ്നേഹിതാ എനിക്ക് മൂന്നപ്പം വായ്പ തരേണം; എന്റെ ഒരു സ്നേഹി തൻ വഴിയാത്രയിൽ എന്റെ അടുക്കൽ വന്നു; അവന്നു വിളമ്പി കൊടു പ്പാൻ ഏതുമില്ല എന്നു അവനോട് പറഞ്ഞാൽ എന്നെ പ്രയാസപ്പെ ടുത്തരുത്; കതക് അടെച്ചിരിക്കുന്നു; പൈതങ്ങളും എന്നോടുകൂടെ കിടക്കുന്നു; എഴുന്നേറ്റു തരുവാൻ എനിക്ക് കഴിയുകയില്ല എന്ന് അകത്തുനിന്നു പറഞ്ഞാലും അവൻ സ്നേഹിതനാകകൊണ്ട് എഴു ന്നേറ്റു വന്നു അവന് ആവശ്യമുള്ളത് കൊടുക്കും എന്നു ഞാൻ നിങ്ങളോട് പറയുന്നു” (ലൂക്കൊസ് 11:5–8).

മുട്ടുവിൻ തുറക്കപ്പെടും; യാചിപ്പിൻ എന്നാൽ നിങ്ങൾക്ക് ലഭിക്കും; അന്വേഷിപ്പിൻ എന്നാൽ കണ്ടെത്തും എന്നാണ് കർത്താവ് പറഞ്ഞിരിക്കുന്നത്. നാം ആഗ്രഹിക്കുന്ന ആവശ്യം ശരിയായയതാ ണെങ്കിൽ ദൈവം അതു നിറവേറ്റുകതന്നെ ചെയ്യും എന്നാണ് കർത്താവ് അരുളിച്ചെയ്തിരിക്കുന്നത്. ആത്മാർത്ഥമായ പ്രാർത്ഥന നമ്മുടെ ജീവിതത്തെ തന്നെ മാറ്റും. സഹനശക്തിയും ക്ഷമാശീ ലവും ഏതൊരു ഉദ്ദേശനിർവ്വഹണത്തിനും ആവശ്യമാണ്. ഈ

സ്വഭാവം ദൈവത്തിൽനിന്നാണ് നമുക്ക് ലഭിക്കുന്നത്. നിർവ്യാജമായ സ്നേഹം നമ്മുടെ ദൈനന്തിന ജീവിതത്തിൽ കുടിയേ തീരു. ദൈവം സ്നേഹം തന്നെയാണ്. ക്രൂശിൽ താൻ മരിക്കുവാൻ പോകുന്നതിനു മുൻപ് ക്രിസ്തു പിതാവിനോട് പ്രാർത്ഥിക്കുന്നത്, പിതാവേ കഴിയു മെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീക്കേണമേ, എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നെ ആകട്ടെ എന്നാണ്. നമ്മുടെ ജീവിതം സ്വർഗത്തോളം ഉയരണം. ഭുമിയിലെ ജീവിതത്തിൽ നമ്മുടെ അഭി ലാഷങ്ങൾ സ്വർഗത്തോളം എത്തണം.

സ്വർഗം ദൈവത്തിന്റെ സിംഹാസനവും ഭൂമി അവന്റെ പാദപീ ഠവുമെന്ന് വെളിപ്പെടുത്തിയിരിക്കുന്നു. നമ്മുടെ പിതാവ് മനസ്സലി വുള്ളവനാണ്. അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നവനും അതിന് ശരിയായി പ്രതികരിക്കുന്നവനുമാണ്. നാം പ്രാർത്ഥിക്കേണ്ടതിന്റെ കാരണങ്ങൾ നിരവധിയാണ്. എണ്ണിയാൽ ഒടുങ്ങാത്ത ദാനങ്ങൾ തന്ന് നമ്മെ തൃപ്തനാക്കുവാൻ ദൈവം സന്നദ്ധനാണ്. പക്ഷേ, പിശാച് നമ്മെ തടസപ്പെടുത്തുമെന്ന് നാം അറിഞ്ഞിരിക്കണം. അപ്പൊ സ്തലന്മാരുടേയും ഒന്നാം നുറ്റാണ്ടിലേയും ക്രിസ്ത്യാനികളുടേയും നിരന്തരവും ശക്തവുമായ പ്രാർത്ഥനയാൽ കർത്താവിന്റെ സഭ വ്യാപിക്കുകയും വളരുകയും ശക്തി പ്രാപിക്കയും ചെയ്തു. ലോകം മുഴുവൻ സുവിശേഷം പരന്നു. ശിഷ്യന്മാരുടെ എണ്ണം ഏറ്റവും പെരു കി. ആദ്യ ക്രിസ്ത്യാനികളുടെ ജീവിതം ആരംഭിച്ചത് പ്രാർത്ഥനയോ ടെയായിരുന്നു. അവരുടെ ഭൗമീക ജീവിതാവസാനവും പ്രാർത്ഥന യോടെ ആയിരുന്നു.

നിങ്ങളുടെ ജീവിതത്തെ നിങ്ങൾ എങ്ങനെ കാണുന്നു. നിങ്ങൾ പുതിയ നിയമപ്രകാരമുള്ള ഒരു ക്രിസ്ത്യാനിയാണോ? അതോ നാമ ധേയക്രിസ്ത്യാനിയാണോ? അതോ മറ്റേതെങ്കിലും ഒരു മതത്തിൽ വിശ്വസിച്ചു ജീവിക്കുകയാണോ? എങ്ങനെയായാലും ദൈവം നിങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്നത് മനസ്സിലാക്കി പ്രവർത്തിക്കുക. അവന്റെ രക്ഷാപദ്ധതി പ്രതിപാദിക്കുന്ന വേദഭാഗങ്ങൾ ജീവിതത്തിൽ അനുസരിച്ച് കർത്താവിന്റെ രക്ഷ കരസ്ഥമാക്കുക.

✶

# ആരാധനയിലെ മാതൃക

## ഡബ്ലിയു ഏ ഹോളേ

ദൈവം ആത്മാവാകുന്നു, അവനെ നമസ്ക്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും അവനെ ആരാധിക്കണം. പഴയനിയമത്തിലും പുതിയ നിയമത്തിലും ദൈവത്തെ ആരാധിക്കേണ്ടത് എങ്ങനെ എന്ന് വെളിപ്പെടുത്തിയിരുന്നു. അതായത് ആവശ്യമുള്ളത് ഒന്നും അവൻ വെളിപ്പെടുത്താതിരുന്നില്ല എന്നത് പ്രാധാന്യമുള്ള വസ്തുതയാണ്. എന്തെങ്കിലും ഉണ്ടാക്കുവാൻ മനുഷ്യരോട് ആവശ്യപ്പെട്ടപ്പോഴെല്ലാം അവൻ അതിന് ആവശ്യമായ രൂപരേഖയും നിർദ്ദേശങ്ങളും നൽകിയിരുന്നു എന്നു കാണാം. യിസ്രായേൽ ജനം യാത്ര ചെയ്തുകൊണ്ടിരുന്നപ്പോൾ അവർ കുടാരങ്ങളിൽ പാർക്കുകയും സമാഗമനകുടാരങ്ങൾ ഉണ്ടാക്കി ദൈവത്തെ ആരാധിക്കുകയും ചെയ്തിരുന്നു. “കുടാരം തീർപ്പാൻ മോശെ ആരംഭിച്ചപ്പോൾ പർവ്വതത്തിൽ നിനക്ക് കാണിച്ചു തന്ന മാതൃകപ്രകാരം നീ സകലവും ചെയ്യാൻ നോക്കുക എന്ന് അവനോട് അരുളിച്ചെയ്തതുപോലെ അവർ സ്വർഗ്ഗീയത്തിന്റെ നിഴലും ദൃഷ്ടാന്തവുമായതിൽ ശുശ്രുഷ ചെയ്യുന്നു” (എബ്രായർ 8:5).

ചരിത്രം നോക്കിയാൽ മനുഷ്യന് ദൈവം ദിശാബോധം നൽകാതെയോ ജീവിതത്തിന് ആവശ്യമായ മാർഗനിർദ്ദേശം കൊടുക്കാതെയോ ഇരുന്നിട്ടില്ല. ഏദെൻ തോട്ടത്തിലാക്കിയ ആദാമിനും ഹവ്വയ്ക്കും ദൈവം അത് നൽകാതിരുന്നില്ല (ഉൽപത്തി 2:15–17; 3:16–18). അതിനായി ദൈവം കർശനമായ നിയമാവലികളും ചട്ടങ്ങളും രൂപപ്പെടുത്തിയിരുന്നു. നോഹയുടെ കാലത്ത് ഒരു പെട്ടകം ഉണ്ടാക്കുവാൻ ദൈവം കൽപിച്ചു. അതിന് ആവശ്യമായ പ്രത്യേക നിർദ്ദേശങ്ങൾ ദൈവം നോഹയ്ക്ക് കൊടുത്തു (ഉൽപത്തി 6:14–16; 2 പത്രൊസ് 2:5). നോഹയെയും ജലപ്രളയത്തെയും വിശ്വസിക്കാത്ത ആളുകളുണ്ട്. പക്ഷെ ചരിത്രത്തെ നിഷേധിക്കുവാൻ ആർക്കും സാധ്യമല്ല. അതു സംഭവിച്ചതാണെന്ന് തെളിയിക്കുന്ന നിലയിൽ ആ പെട്ടകത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെടുത്ത വാർത്ത പുറത്തു വന്നിരുന്നു. മോശെയുടെ കാലത്ത് ദൈവം യിസ്രായേലിന് ദൈവത്തെ ആരാധിക്കുവാൻ ഒരു സമാഗമന കുടാരവും ഒരു യാഗപീഠവും

ഉണ്ടാക്കുവാൻ ദൈവം അവരോട് ആജ്ഞാപിച്ചിരുന്നു. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന് ആരംഭത്തിൽ ബഹുവിധമായ യാഗ പീഠങ്ങളോ സമാഗമനകുടാരങ്ങളോ ഇല്ലായിരുന്നു എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക. ദൈവകൽപനയോടു കൂട്ടിച്ചേർക്കുകയോ അതിൽനിന്നു കുറക്കുകയോ ചെയ്താൽ അങ്ങനെ കഴിക്കുന്ന ആരാധന ദൈവത്തിനു സ്വീകാര്യമായിരിക്കയില്ല എന്ന് അന്നത്തെ ആളുകൾക്ക് അറിയാമായിരുന്നു. ദൈവം തീഷ്ണതയുള്ള ദൈവം ആകയാൽ ആരാധന അവന്റെ ഇഷ്ടത്തിന് വിരുദ്ധമായിരിപ്പാൻ അവൻ അനുവദിച്ചിരുന്നില്ല. അതിനാലാണ് ദൈവത്തിന്റെ അരുളപ്പാടുകളോട് കൂട്ടുകയോ കുറക്കുകയോ ചെയ്യരുത് എന്നു പറയുവാനുള്ള കാരണം. സ്വേച്ഛാരാധനയോ അജ്ഞതയാലുള്ള ആരാധനയോ, അന്ധമായ ആരാധനയോ അല്ല ദൈവം ആഗ്രഹിക്കുന്നത്. സത്യാരാധനയിലാണ് ദൈവപ്രസാദം ലഭിക്കുക.

മാനുഷ കൽപനകളാൽ ദൈവത്തെ ആരാധിക്കുന്നത് വ്യർത്ഥമാണ്. പാരമ്പര്യവിശ്വാസത്താലോ, ആചാരത്താലോ ദൈവത്തെ പ്രസാദിപ്പിക്കാമെന്ന് കരുതരുത് (കൊലൊസ്യർ 2:20–23). സത്യനമസ്ക്കാരികൾ ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കണം എന്നു കൽപിച്ചിരിക്കുന്നതിന്റെ അർത്ഥം ആരാധന വചന പ്രകാരവും ആത്മാർത്ഥവുമായിരിക്കണം എന്നാണ്. ദൈവം നൽകിയ അതിരുകളിൽനിന്നു കൊണ്ടു വേണം നാം പ്രവർത്തിക്കുവാൻ. ആരാധനയുടെ കാര്യവും വ്യത്യസ്തമല്ല. പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും, പൂർണ്ണശക്തിയോടുകൂടെ വേണം നാം ദൈവത്തെ സ്നേഹിക്കുവാൻ. ആരാധനയും അങ്ങനെ തന്നെ ആയിരിക്കണം. നാം എത്ര ആത്മാർത്ഥതയോടെയും സത്യസന്ധതയോടുമായാലും വചനപ്രകാരമല്ല നാം ആരാധിക്കുന്നതെങ്കിൽ, അങ്ങനെയുള്ള ആരാധന വ്യർത്ഥമായി തീരും. നമ്മുടെ അറിവ് പരിമിതമാണ്; പക്ഷെ ദൈവം പരിമിതിയില്ലാത്തവനാണ്. അങ്ങനെയുള്ള ദൈവത്തിന്റെ കൽപ്പനകളെ പരിഷ്ക്കരിക്കുവാൻ ശ്രമിക്കുന്നതു തന്നെ മൗഢ്യമാണ്.

ക്രിസ്തീയാരാധന വിനോദപ്രദമോ രസകരമോ അല്ല. ആരെങ്കിലും അതിനെ മനുഷ്യരെ പ്രസാദിപ്പിക്കുന്ന രീതിയിൽ മാറ്റം വരുത്തിയാൽ അതിന് ദൈവത്തോട് കണക്കു കൊടുക്കേണ്ടിവരും.

വലിയ സദസ്യരെ ആകർഷിക്കുവാനായി ആളുകൾ പലതും അവരുടെ ആരാധനയോട് കൂട്ടിച്ചേർക്കും. അത് വാസ്തവത്തിൽ ദൈവത്തെ കോപിപ്പിക്കുന്ന പ്രവൃത്തിയാണ്. നാം ആരാധിക്കുന്നത് ദൈവത്തെ പ്രസാദിപ്പിക്കുന്നതിനായിരിക്കണം. അല്ലാതെ മനുഷ്യരെ പ്രസാദിപ്പിക്കുന്നതിനാകരുത്. കുടിവരുവാനും ദൈവത്തെ ആരാധിക്കുവാനും ഒരു പ്രത്യേക ദിവസം ദൈവം നിശ്ചയിച്ചിരിക്കുകയാണ്. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലാണ് സഭ കുടി വരേണ്ടതും അപ്പം നുറുക്കേണ്ടതും. ക്രിസ്തു മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലായിരുന്നു. അപ്പൊസ്തലന്മാരും ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളും ആ ദിവസമായിരുന്നു കുടി വന്നിരുന്നത് (പ്രവൃത്തികൾ 20:7; 1 കൊരിന്ത്യർ 16:1, 2).

പുതിയനിയമ സഭ സ്ഥാപിക്കപ്പെട്ടത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ആയിരുന്നു (പ്രവൃത്തികൾ 2:1–4). ആദ്യക്രിസ്ത്യാനികൾ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും, കൂട്ടായ്മ ആചരിച്ചും പ്രാർത്ഥന കഴിച്ചും പോന്നു (പ്രവൃത്തികൾ 2:42). കർത്തൃദിവസം എന്നത് ശബ്ബത്ത് അനുഭവമോ ശബ്ബത്താചരണമോ അല്ല. ശബ്ബത്ത് ഏഴാം ദിവസമായിരുന്നു എങ്കിൽ പുതിയനിയമാരാധന ഒന്നാം നാളിലാണ്. പുതിയ നിയമാരാധനയിൽ എന്തെല്ലാമാണ് അടങ്ങിയിരിക്കുന്നത് എന്നു നോക്കാം. പ്രാർത്ഥന, പാട്ടുപാടൽ, കർത്തൃമേശ, ധർമ്മശേഖരം, പ്രസംഗം എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. ആത്മികഗീതങ്ങളാൽ ദൈവത്തെ സ്തുതിച്ച് ഹൃദയത്തിൽ പാട്ടുപാടി അവർ ദൈവത്തിന് മഹത്വം കൊടുത്തിരുന്നു. വചനം പൊരുൾ തിരിച്ചുതരുവാൻ വചന പരിജ്ഞാനമുള്ള ഉപദേഷ്ടാക്കന്മാർ സഭയിൽ ഉണ്ടായിരുന്നതായി നാം വായിക്കുന്നു. സഭയിലേക്ക് ചേർക്കപ്പെട്ടിരിക്കുന്ന ഓരോരുത്തർക്കും ദൈവം താലന്തുകൾ നൽകിയിരിക്കുന്നത് ഉപയോഗിച്ചു സഭയുടെ ആത്മികവർദ്ധനവിനും ആത്മികവളർച്ചക്കും പ്രയോഗിക്കണം.

ക്രിസ്ത്യാനികൾ പറയുന്നതും പ്രവർത്തിക്കുന്നതും യേശുക്രിസ്തുവിന്റെ അധികാരത്തിലായിരിക്കണം (കൊലൊസ്യർ 3:17). ഇന്ന് മതപരമായി സർവ്വാധികാരങ്ങളും യേശുക്രിസ്തുവിൽ നിക്ഷിപ്തമായിരിക്കയാൽ അവന്റെ ഉപദേശപ്രകാരമാണ് നാം ജീവിക്കേണ്ടതും ദൈവത്തെ ആരാധിക്കേണ്ടതും.

# എല്ലാവരും പാപത്തിൽ ആണോ ജനിക്കുന്നത്?

റോജർ ഷിഫ്ലെറ്റ്

ലോകത്തിൽ ദിവസവും ധാരാളം ശിശുക്കൾ ജനിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീകളുടെ പ്രസവം ലോകത്തിൽ സാധാരണ സംഭവമാണ്. ജനിക്കുന്ന കുട്ടികൾ ഭൂരിഭാഗവും വളരുന്നു. വളർന്നു സ്ത്രീ പുരുഷന്മാരായി ലോകത്തിൽ ജീവിക്കുന്നു. ലോകത്തിലേക്ക് പിറന്നു വീഴുന്ന ശിശുക്കൾ പാപത്തോടുകൂടിയാണ് വരുന്നത് എന്ന ധാരണ പരന്നിട്ടുണ്ട്. ലോകത്തിൽ ആദ്യം പാപം കടന്നുവന്നത് സ്ത്രീ മൂലമായിരുന്നു. അങ്ങനെ പാപത്തിന് ഹേതുവായ സ്ത്രീയേയും പുരുഷനേയും, സർപ്പത്തെയും ദൈവം ശപിച്ചു. അങ്ങനെ ഭൂമിയിലെ മനുഷ്യജീവിതം ദുസ്സഹമായി തീർന്നു. എന്നാൽ നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി വർദ്ധിച്ചു പെരുകുവിൻ എന്ന അനുഗ്രഹം മനുഷ്യരിൽ ദൈവം നിലനിർത്തി. അതിനു മാറ്റം വരുത്തിയിരുന്നില്ല. വേദപുസ്തകവും ദൈവത്തിന്റെ അരുളപ്പാടുകളും ശരിയായി മനുഷ്യർ മനസ്സിലാക്കാതെ അവയിൽ ചിലത് തെറ്റായിട്ടാണ് ഇന്നും വ്യാഖ്യാനിക്കുന്നത്. അതിൽ ഒന്നാണ് ജന്മപാപം. അതായത് ശിശുക്കൾ ജനിക്കുമ്പോൾ മാതാപിതാക്കളുടെ പാപത്തോടുകൂടിയാണ് വരുന്നത് എന്നാണ് അവർ കരുതുന്നത്.

ജന്മപാപം കർമ്മപാപം എന്നിങ്ങനെ പാപത്തെ അവർ രണ്ടാക്കി തരം തിരിച്ചാണ് പഠിപ്പിക്കുന്നത്. അത്തരത്തിലുള്ള ഒരു വേർതിരിക്കൽ തിരുവെഴുത്തിലില്ല എന്നതാണ് സത്യം. ആദാമിന്റെ പാപം തലമുറകൾ പിന്നിടുമ്പോൾ പിന്തുടരുന്നു എന്ന ചിന്താഗതിയുണ്ട്. അത് ശരിയല്ല, പാപമല്ല, മറിച്ച് പാപത്തിന്റെ അനന്തരഫലമാണ് പിന്തുടരുന്നത് എന്നതാണ് നാം മനസിലാക്കേണ്ടത്. പഴയനിയമത്തിൽ ഈ വിഷയത്തെ കുറിച്ച് പ്രതിപാദിക്കുന്ന വാക്യം ശ്രദ്ധിക്കുക. “പാപം ചെയ്യുന്ന ദേഹി മരിക്കും; മകൻ അപ്പന്റെ അകൃത്യം വഹിക്കേണ്ട; അപ്പൻ മകന്റെ അകൃത്യവും വഹിക്കേണ്ട; നീതിമാന്റെ നീതി അവന്റെ മേലും ദുഷ്ടന്റെ ദുഷ്ടത അവന്റെ മേലും ഇരിക്കും” (യെഹസ്കേൽ 18:20). ശിശുക്കളെക്കുറിച്ച് യേശുക്രിസ്തു പറഞ്ഞത്, ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ എന്നാണ്. അതായത് നാം തിരിഞ്ഞു ശിശുക്കളെ പോലെ ആകുന്നില്ല എങ്കിൽ നമുക്ക് ദൈവരാജ്യത്തിൽ പ്രവേശനം ഇല്ല എന്നർത്ഥം (മത്തായി 19:14). ഒരാൾ ചെയ്ത കുറ്റത്തിന് മറ്റൊരാളെ ശിക്ഷിക്കുന്നത് ദൈവസന്നിധിയിൽ നീതിയല്ല. തന്നെയുമല്ല നമ്മെ വിശു

ദ്ധരും നിഷ്ക്കളങ്കരുമായി കാണുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. പാപം എന്നു പറയുന്നത് നിയമലംഘനമാണ്. അത് അധർമ്മമാണ്. വ്യക്തി പരവുമാണ്. ചിന്തിക്കുവാൻ കഴിയാത്ത ഒരാളുടെ പ്രവൃത്തിയെ ദൈവം ഒരിക്കലും തെറ്റായി കണക്കിടുകയില്ല. നിരപരാധികളിൽ പാപം അടിച്ചേൽപിക്കുന്ന സ്വഭാവം ദൈവത്തിനില്ല. ദൈവം നീതിമാനാണ്. നിയമവിരുദ്ധമായി ചിന്തിക്കുന്നവരാണ് അധർമ്മം പ്രവർത്തിക്കുന്നത്. എന്നാൽ നീ സഹോദരനെ വിധിക്കുന്നത് എന്ത്? അല്ല, നീ സഹോദരനെ ധിക്കരിക്കുന്നതെന്ത്? നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കേണ്ടിവരും. എന്നാണെ എന്റെ മുമ്പിൽ എല്ലാ മുഴങ്കാലും മടങ്ങും. എല്ലാ നാവും ദൈവത്തെ സ്തുതിക്കും എന്നു കർത്താവ് അരുളിച്ചെയ്യുന്നു.

നമ്മൾ ഓരോരുത്തരും ദൈവത്തിന് കണക്കു കൊടുക്കേണ്ടിവരും. കൂടാതെ ഓരോരുത്തർക്കും സ്വയമായി ചിന്തിച്ച് പ്രവർത്തിക്കുവാൻ ദൈവം സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. അത് ശരിയായി ഉപയോഗിക്കുകയാണ് ചെയ്യേണ്ടത്. എന്റെ തെറ്റിനു ഞാൻ മറ്റൊരാളെ പഴിക്കുന്നത് അനീതിയാണ്. സാധാരണ രീതിയിൽ എല്ലാവരുടേയും ജീവിതത്തിൽ നന്മതിന്മകളെ കുറിച്ചുള്ള അറിവിലെത്തുന്ന ഒരു സമയം ഉണ്ട്. അപ്പോൾ മുതലാണ് ആ വ്യക്തി നന്മയെ തള്ളി തിന്മ തിരഞ്ഞെടുക്കുന്നത്. സത്യത്തിന് പകരം അസത്യത്തെ സ്വീകരിക്കുന്നതാണ് പാപം. അല്ലാതെ പാപം മാതാപിതാക്കളിൽനിന്നു പാരമ്പര്യമായി ലഭിക്കുന്നതല്ല. ബൈബിളിൽ ദൈവം വെളിപ്പെടുത്തിയിരിക്കുന്നതാണ് ദൈവേഷ്ടം. മാനുഷികമായ പല വിശ്വാസപ്രമാണങ്ങളും ദൈവേഷ്ടമല്ല എന്നു തിരിച്ചറിയുക. ദൈവത്തിന്റെ പരമാധികാരം ഉൾപ്പെടുത്തിയിരിക്കുന്ന വചനമാണ് നാം വിശ്വസിക്കേണ്ടതും അനുസരിക്കേണ്ടതും.

ശിശുക്കൾക്ക് നന്മയും തിന്മയും വിവേചിക്കുവാൻ കഴിയുന്നില്ല. യേശുവിന്റെ അടുക്കൽ ശിശുക്കളെ കൊണ്ടുവന്നപ്പോൾ തടഞ്ഞവരോട് അവരെ തടുക്കരുത് എന്നു കർത്താവ് പറഞ്ഞിരുന്നു. ദൈവമാണ് മനുഷ്യരെ ദൈവത്തോട് ബന്ധിപ്പിക്കുന്നത്. അതിന് തടസമായി നിൽക്കുന്നത് പിശാചാണ്. ശിശുക്കളിൽ പാപം ഉണ്ടെന്ന മിഥ്യാധാരണയിൽ അവരെ സ്നാനപ്പെടുത്തുന്ന പ്രക്രിയ നാമധേയവിഭാഗങ്ങളിൽ കാണപ്പെടുന്നു. അത് പുതിയനിയമത്തിലെ കർത്താവിന്റേയും അപ്പൊസ്തലന്മാരുടേയും ഉപദേശങ്ങൾക്ക് വിരുദ്ധമാണ്. ആകയാൽ ശിശുക്കൾ ദൈവം തരുന്ന ദാനവും അവന്റെ പ്രതിഫലവുമാണ്. പ്രായപൂർത്തിയാകുമ്പോഴാണ് അവർ പാപം ചെയ്തു ദൈവത്തിൽനിന്നും അകലുന്നത്.

✶

# രണ്ട് കൽപനകൾ

ജെ.എൽ. ലെവെസ്റ്റെ

ദൈവം തന്റെ ജനത്തോട് എപ്പോഴും ആശയവിനിമയം നടത്തുന്നുണ്ട്. അവയാണ് അവന്റെ കൽപനകളടങ്ങിയ നിയമങ്ങൾ. പഴയനിയമം യെഹൂദന്മാർക്ക് ഉള്ളതായിരുന്നു. അത് മോശെ മുഖാന്തരമായിരുന്നു നൽകിയതെങ്കിൽ പുതിയ നിയമം തന്റെ പുത്രനായ യേശു മുഖാന്തരമാണ് നൽകിയിരിക്കുന്നത് എന്ന വ്യത്യാസമാണുള്ളത്. "ശാസ്ത്രിമാരിൽ ഒരുവൻ അടുത്തു വന്ന് അവർ തമ്മിൽ തർക്കിക്കുന്നത് കേട്ടു അവൻ അവരോട് നല്ലവണ്ണം ഉത്തരം പറഞ്ഞപ്രകാരം ബോധിച്ചിട്ട് എല്ലാറ്റിലും മുഖ്യ കൽപ്പന ഏത് എന്ന് അവനോട് ചോദിച്ചു. അതിന് യേശു എല്ലാറ്റിലും മുഖ്യ കൽപന യോ, യിസ്രായേലേ കേൾക്ക; നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്, നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും, പൂർണ്ണമനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കേണം എന്നാകുന്നു. രണ്ടാമത്തേതോ കൂട്ടുകാരനെ നിന്നെ പോലെ സ്നേഹിക്കേണം എന്നത്രെ; ഇവയിൽ വലുതായിട്ട് വേറൊരു കൽപനയുമില്ല" (മർക്കൊസ് 12:28–34).

ശാസ്ത്രി യേശുവിനോട്, നന്ന് ഗുരോ, നീ പറഞ്ഞത് സത്യം തന്നെ. ഏകനേയുള്ളു. അവനല്ലാതെ മറ്റൊരുത്തനുമില്ല. അവനെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണാത്മാവോടും ശക്തിയോടും കൂടെ സ്നേഹിക്കുന്നതും കൂട്ടുകാരനെ തന്നെ പോലെ സ്നേഹിക്കുന്നതുമാണ് സകല സർവ്വാംഗഹോമങ്ങളെക്കാളും യാഗങ്ങളെക്കാളും സാരമേറിയത് തന്നെ എന്നു പറഞ്ഞു. ക്രിസ്തുവിന്റെ അവസാന പരസ്യശുശ്രൂഷാവേളയിൽ യെരുശലേമിൽ വെച്ചായിരിക്കാം ഇത് സംഭവിച്ചത്. യേശു അധികം താമസിക്കാതെ വിചാരണ നേരിടുവാനും ക്രൂശിക്കപ്പെടുവാനുമിരിക്കുന്നു എന്നു സുവിശേഷങ്ങളിൽ തുടർന്നു നാം വായിക്കുന്നു. അപ്പോഴും മോശെയുടെ ന്യായപ്രമാണം പ്രാബല്യത്തിലുണ്ടായിരുന്നു. പരീശന്മാർ പലപ്പോഴും യേശുവിനെ വാക്കുകളാൽ കുടുക്കുവാൻ ശ്രമിച്ചിരുന്നു. ന്യായപ്രമാണത്തിൽ ഒന്നാമത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായ കൽപന ഏത്? എന്ന ചോദ്യവുമായി ഒരു ന്യായശാസ്ത്രി യേശുവിന്റെ അടുക്കൽ വന്നു.

# ഉയർത്തെഴുന്നേൽപ്

## റോയ്സ് ഫ്രെ

മരണശേഷം എന്ത് എന്ന ചോദ്യം മനുഷ്യരെ ആകുലപ്പെടുത്തുന്ന ഒന്നാണ്. ചിലർ പുനർജനനത്തിൽ വിശ്വസിക്കുന്നു. വേറെ കുറെ പേർ കരുതുന്നത് മരണശേഷം ഒന്നുമില്ല. മനുഷ്യശ്വാസം അന്തരീക്ഷത്തിൽ ലയിച്ചുചേരുമെന്നാണ് അവരുടെ ധാരണ. എന്തായാലും ആധികാരികമായ തിരുവചനം എന്തു പറയുന്നു എന്നതാണ് നാം സ്വീകരിക്കേണ്ടത്. മരിച്ചവർ മരണശേഷം വീണ്ടും ജീവിക്കുമെന്ന് മരിച്ച ലാസറെ ഉയർപ്പിച്ച് യേശു തെളിയിച്ചു കാണിച്ചുകൊടുത്തു. കുടാതെ അവസാനം യേശു തന്നെ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റ് വന്നു ഉയർത്തെഴുന്നേൽപ് യാഥാർത്ഥ്യമാണെന്ന് തെളിയിച്ചുകൊടുത്തു. മനുഷ്യർ വിശ്വസിച്ചാലും ഇല്ലെങ്കിലും സത്യാവസ്ഥ മാറുന്നില്ല. ദൈവനിയമത്തിന് ഒരു ഭംഗവും വരികയില്ല. യേശുവിന്റെ കാലയളവിലെ മതാദ്ധ്യക്ഷന്മാർക്ക് മരിച്ചവർ ഉയർക്കുമെന്നതിൽ വിശ്വാസക്കുറവുണ്ടായിരുന്നു. കാരണം അവർ യേശുവിന്റെ ശരീരം അടക്കം ചെയ്ത കല്ലറ ഉറപ്പാക്കിയിരുന്നു.

പിലാത്തൊസിനോട് ആവശ്യപ്പെട്ട് കല്ലറ കാക്കുവാൻ പടയാളികളെയും ഏർപ്പെടുത്തി. വലിയൊരു കല്ല് കല്ലറ വാതിൽക്കൽ വെച്ച് കല്ലറ മുദ്രവെച്ച് ആരും തുറക്കാതിരിപ്പാൻ ഉറപ്പ് വരുത്തി. പക്ഷെ മൂന്നാം നാൾ യേശു മുന്നറിയിച്ചിരുന്നതുപോലെ ഉയർത്തെഴുന്നേറ്റു. അവനെ കല്ലറയിൽ കാണാതായ വിവരം പരന്നപ്പോൾ, മതാദ്ധ്യക്ഷന്മാർ കാവൽ നിന്ന പടയാളികൾക്ക് മതിയായത്ര പണം കൊടുത്ത്, അവർ ഉറങ്ങുമ്പോൾ ആരോ യേശുവിന്റെ ശരീരം കവർന്നുകൊണ്ടുപോയി എന്ന് കളവ് പ്രചരിപ്പിക്കുവാൻ ആവശ്യപ്പെട്ടു. പണം വാങ്ങിയവർ അവർ പറഞ്ഞതുപോലെ ചെയ്തു (മത്തായി 28:12 –15). എന്നാൽ യേശു ഉയർത്തെഴുന്നേറ്റ ശേഷം നാൽപതു നാളോളം ശിഷ്യന്മാർക്കും അഞ്ഞുറിലധികം പേർക്കും പ്രത്യക്ഷനായി താൻ ജീവിച്ചിരിക്കുന്നു എന്ന് തെളിയിച്ചു. മരിച്ചവർക്ക് പുനരുത്ഥാനം ഉണ്ട് എന്ന് യേശു മരിച്ചപ്പോൾ കല്ലറകളിൽ ഉള്ളവർ പുറത്തുവന്ന സംഭവം വ്യക്തമാക്കുന്നു. മരിച്ചവർക്ക് ഉയർത്തെഴുന്നേൽപ് ഉണ്ട് എന്ന് എല്ലാവരും വിശ്വസിക്കേണം.

✶

# എന്നെ പോലെ ഒരാളെ ദൈവം എന്തിനു രക്ഷിക്കുന്നു?

**അലെൻ വെബ്സ്റ്റർ**

രക്ഷ എന്നാലെന്ത് എന്ന് നാം ആദ്യം മനസ്സിലാക്കണം. അപ്പോഴാണ് അതിന്റെ പ്രാധാന്യം നാം തിരിച്ചറിയുന്നത്. ഒരാൾ പിശാചിന്റെ തന്ത്രത്തിൽ കുടുങ്ങി പാപത്തിനിരയായി ജീവിക്കുമ്പോൾ, “അയാൾ നശിച്ചു പൊയ്ക്കൊള്ളട്ടെ; എനിക്ക് ഒന്നുമില്ല” എന്ന രീതിയിയിൽ ദൈവത്തിന് ചിന്തിക്കുവാൻ കഴിയുകയില്ല. കാരണം ദൈവത്തിന് ആരും നശിച്ചുപോകണമെന്ന് ആഗ്രഹമില്ല (1 തിമൊഥെയൊസ് 2:4). എല്ലാവരും രക്ഷിക്കപ്പെട്ട് ദൈവസന്നിധിയിൽ എത്തുവാനാണ് അവൻ ഇച്ഛിക്കുന്നത്. നഷ്ടപ്പെടുന്ന ഓരോ ആത്മാവിനെയും കുറിച്ച് ഓർത്തു ദൈവഹൃദയം ഉരുകുകയാണ്. എല്ലാവരും ദൈവത്തിന്റെ സന്താനങ്ങളാണ് എന്നതാണ് കാരണം. അവൻ എല്ലാവരേയും സ്നേഹിക്കുന്നു. ഒരു പിതാവിനു തന്റെ മക്കളോടുള്ള വാൽസല്യം എത്ര വലുതാണെന്ന് അവർക്ക് നേരിടുന്ന വിഷമങ്ങളിൽ നമുക്ക് പ്രകടമാകും. അതുപൊലെയാണ് ദൈവത്തിന്റെ കരുതൽ വളരെ വലുതാണ്. മക്കൾ തെറ്റു ചെയ്യുമ്പോൾ അപ്പന് കോപം ജ്വലിക്കും എന്നത് വാസ്തവമാണ്.

പഴയനിയമകാലത്തും പുതിയ നിയമ കാലത്തും ദൈവത്തിന്റെ ചട്ടങ്ങളും വിധികളും നൽകിയതിന്റെ മുഖ്യകാരണം അതു തന്നെയാണ്. മനുഷ്യന് സ്വയമായി അവൻ ചെയ്യുന്ന അതിക്രമങ്ങൾക്ക് പരിഹാരം കാണുവാൻ സാധ്യമല്ല. “ദുഷ്ടന്റെ മരണത്തിലല്ല, ദുഷ്ടൻ തന്റെ വഴി വിട്ടു തിരിഞ്ഞു ജീവിക്കുന്നതിലത്രെ എനിക്ക് ഇഷ്ടമുള്ളതെന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട്. നിങ്ങളുടെ ദുർമ്മാർഗങ്ങളെ വിട്ടുതിരിവിൻ, വിട്ടുതിരിവിൻ; യിസ്രായേൽ ഗൃഹമേ നിങ്ങൾ എന്തിന് മരിക്കുന്നു എന്ന് അവരോട് പറക” (യെഹസ്കേൽ 33:11). നാം ഉണ്ടാക്കിയ ഒന്നിനെയും നശിപ്പിക്കുവാൻ നാം താൽപ്പര്യപ്പെടുകയില്ല, മറ്റാരും അതിനെ നശിപ്പിച്ചാലും നമുക്ക് ഇഷ്ടപ്പെടുകയില്ല. ദൈവവും അതുപോലെ തന്നെയാണ്. പാപത്തിന് നമ്മെത്തന്നെ വിറ്റവരായിരുന്നു ഓരോ പ്രായപൂർത്തിയായ വ്യക്തിയും. സ്ത്രീയായാലും പുരുഷനായാലും ആ കാര്യത്തിൽ ഒരു വ്യ

ത്യാസവുമില്ല (റോമർ 3:23). മനുഷ്യരെ പിശാചിന്റെ കെണിയിൽനിന്നു വിടുവിക്കുന്നതിന് ദൈവം തന്റെ ഏകജാതനായ പുത്രന്റെ വിലയാണ് നൽകിയത്. ദൈവം ധനവാനെയും ദരിദ്രനെയും, വിദ്യാഭ്യാസമുള്ളവനെയും വിദ്യാഭ്യാസമില്ലാത്തവനെയും സ്നേഹിക്കുന്നതിനാൽ അവന്റെ രക്ഷ പൊതുവിൽ സൗജന്യമാക്കിയിരിക്കുന്നു. എല്ലായിടത്തുമുള്ള എല്ലാ പാപികളെയും ദൈവം സ്നേഹിക്കുന്നു. നിങ്ങൾ നിഷ്ക്കളങ്കനാണെങ്കിൽ നിങ്ങളെയും അവൻ സ്നേഹിക്കാതിരിക്കുന്നില്ല.

എങ്കിലും പലരും തങ്ങൾക്ക് രക്ഷിക്കപ്പെടുവാനും ദൈവത്തോടു അടുക്കുവാനും കഴിയുകയില്ല എന്ന് കരുതുന്നു. അത് വാസ്തവമല്ല. ഏറ്റവും മോശമായി ജീവിച്ച എന്നെയും ദൈവം സ്നേഹിക്കൈകൊണ്ടത്രേ എന്നേയും രക്ഷിപ്പാൻ അവനു പ്രസാദമായത്. പാപം ചെയ്തു തിരിച്ചുവരുവാൻ കഴിയാത്ത ദൂരത്തിൽ എത്തിയിരുന്ന എന്നെ അവൻ വിശുദ്ധീകരിക്കുവാൻ ദയവ് കാണിച്ചു എങ്കിൽ നിങ്ങളെ എത്ര അധികം ദൈവം ശുദ്ധീകരിക്കും എന്നോർക്കുക. നമ്മുടെ പാപങ്ങൾ രക്താംബരം പോലെ ചുവന്നിരുന്നാലും അതിനെ ഹിമം പോലെ വെളുപ്പിക്കാമെന്ന് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു (യെശയ്യാവ് 1:18). ദൈവകൃപയുടെ വ്യാപ്തിയും മഹത്വവും വളരെ വലുതാണ്. എത്ര വലിയ പാപിയായിരുന്നാലും ദൈവത്താലുള്ള രക്ഷ പ്രാപ്യമാണെന്ന് ദൈവം നമുക്ക് കാണിച്ചു തന്നിരിക്കുന്നു. തർസൊസുകാരനായ ശൗൽ ക്രിസ്ത്യാനികളെ കൊല്ലുകയും സഭയെ മുടിക്കുകയും ചെയ്തു എങ്കിലും ദൈവകരുണയാൽ അവൻ രക്ഷിക്കപ്പെടുകയും അവൻ പിന്നീട് ജാതികളുടെ അപ്പൊസ്തലനായി ശോഭിക്കുകയും ചെയ്തു (പ്രവൃത്തി 7:58; 22:16).

എത്ര പേർക്ക് രക്ഷിക്കപ്പെടുവാൻ കഴിയും എന്ന ചോദ്യത്തിന് എല്ലാവർക്കും എന്നതാണ് ഉത്തരം. ക്രിസ്തു മരിച്ചത് എല്ലാവർക്കുമായിട്ടാണ്. ദൈവത്തിന്റെ രക്ഷാപദ്ധതി ഏവർക്കുമുള്ളതാണ്. ദൈവം അതിനെ പരിമിതപ്പെടുത്തിയിട്ടില്ല. യേശു സ്വർഗത്തിൽ തന്റെ ശിഷ്യന്മാർക്ക് സ്ഥലം ഒരുക്കുവാൻ പോയിരിക്കുന്നു. തന്റെ പിതാവിന്റെ ഭവനത്തിൽ അനേക വാസസ്ഥലങ്ങൾ ഉണ്ടെന്നും അവൻ വാഗ്ദാനം ചെയ്തിരിക്കുന്നു. താൻ ക്ഷമിക്കപ്പെടാത്ത പാപം ചെയ്തി

രിക്കയാൽ എനിക്ക് പാപക്ഷമാപണം ലഭിക്കുകയില്ല എന്ന് ഒരാൾ പറയുന്നു എങ്കിൽ അതിനുള്ള ഉത്തരം തിരുവെഴുത്ത് നൽകുന്നു. പഴയനിയമ കാലത്ത് ജീവിച്ചിരുന്ന ദാവീദ് കുലപാതകിയായിരുന്നു എങ്കിലും അവൻ ദൈവത്തോട് മാനസാന്തരപ്പെട്ട് ഏറ്റുപറഞ്ഞപ്പോൾ ദൈവം അവനോട് ക്ഷമിച്ചു (സങ്കീർത്തനങ്ങൾ 51). വ്യഭിചാരകുറ്റത്തിൽ പിടിക്കപ്പെട്ട് യേശുക്രിസ്തുവിന്റെ അടുക്കൽ ശിക്ഷക്കായി കൊണ്ടുവന്ന സ്ത്രീയെ യേശുവോ മറ്റാരെങ്കിലുമോ കല്ലെറിയുകയോ ശിക്ഷിക്കുകയോ ചെയ്തില്ല.

പരിശുദ്ധാത്മാവിനോട് വ്യാജം പറയുകയോ കാണിക്കുകയോ ചെയ്യുന്നത് പഴയനിയമകാലത്ത് ക്ഷമിച്ചിരുന്നില്ല. പുതിയനിയമകാലത്ത് അനന്യാസും സഫീരയും പത്രൊസിന്റെ കാൽക്കൽ വീണു മരിക്കുവാനിടയായത് പരിശുദ്ധാത്മാവിനോട് വ്യാജം കാണിച്ചതിനാലായിരുന്നു. ദൈവാത്മാവിനെ നിന്ദിക്കയോ ദൈവാത്മാവിനോട് വ്യാജം കാണിക്കുകയോ ചെയ്താൽ അത് ദൈവം ക്ഷമിക്കുകയില്ല എന്നു മുന്നറിയിച്ചിരിക്കുന്നു. അതല്ലാതെ ക്ഷമിക്കുവാൻ പ്രയാസമുള്ള വേറൊരു പാപവുമില്ല. ദൈവത്തിന്റെ നിബന്ധനകൾ നാം പാലിക്കണം. രക്ഷിക്കപ്പെടുവാൻ പര്യാപ്തമായ സുവിശേഷം നാം അനുസരിക്കുകയാണെങ്കിൽ മറ്റൊരു തടസ്സവുമില്ല എന്നതാണ് സത്യം. ദൈവം നമുക്ക് അനുകൂലമെങ്കിൽ പ്രതികൂലം ആർ? ആളുകൾ യഥാർത്ഥത്തിൽ രക്ഷിക്കപ്പെടാതിരിപ്പാൻ പിശാചാണ് തടസങ്ങൾ സൃഷ്ടിക്കുന്നത്. നിങ്ങൾ കേൾക്കേണ്ടത്, വിശ്വസിക്കേണ്ടത്, അനുസരിക്കേണ്ടത് എല്ലാം തിരുവെഴുത്തുകളാണ്.

ഭൗതീകമായ എല്ലാ പ്രതിസന്ധികളെയും തരണം ചെയ്യുവാൻ ഓരോരുത്തരുടെ ആത്മിയ സമർപ്പണം സഹായകരമാകും. മനുഷ്യരെയോ സമൂഹത്തെയോ ഒന്നും കണക്കാക്കാതെ, നമുക്ക് വേണ്ടി മരിച്ച് ഉയർത്തെഴുന്നേറ്റ കർത്താവിലും അവന്റെ വചനത്തിലും വിശ്വാസം അർപ്പിക്കുക. മനുഷ്യർ ചെയ്യുന്ന ഏതൊരു പാപത്തിനും ശിക്ഷിക്കുന്നതും പാപമോചനം നൽകുന്നതും ദൈവമാണ്. ആകയാൽ ആ ദൈവത്തെ ഒരിക്കലും ഉപേക്ഷിക്കാതിരുന്നാൽ അവൻ നമ്മെ കാത്തുകൊള്ളും. രക്ഷിക്കപ്പെടുവാൻ യേശു എന്ന നാമമല്ലാതെ മറ്റൊരു നാമമില്ല.

✶

*Watch!*

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday **6 am to 6.30 am**

## On JAI HIND CHANNEL

കേൾക്കുക!

# സത്യനാദം

ബ്രദർ.

**പി.കെ വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am |
| | | Every Thursday at 9.30 pm |
| | | Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm |
| | | www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India


From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378


To